भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

**കേരളം केरल KERALA**

DK 754334

1.2.2023-ാംനു. രണ്ടായിരത്തിഇരുപത്തിമൂന്നാംമാണ്ട് ഫെബ്രുവരി മാസം ഒന്നാംതിയ്യതി.

തൃശൂർ ജില്ല തൃശൂർ താലൂക്ക് കിള്ളന്നൂർ വില്ലേജ് (പി. ഒ. മുളകുന്നത്തുകാവ് -

**ഒന്നാംപാർട്ടി :- മനോജ്കുമാർ. സി.വി.**

**രണ്ടാംപാർട്ടി :- സുഭാഷ്. എം.** Subha. M

No: 53090 VALUE Rs: 100/-

സുഭാഷ് എം, [illegible]

C. I. VARGHESE
VENDOR No: 31
THRISSUR

25 JAN 2023

SUB TREASURY
23 JAN 2023
THRISSUR

भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

**കേരളം केरल KERALA** DK 754335



680 581) മുളകുന്നത്തുകാവ് ദേശത്ത് മുളകുന്നത്തുകാവ് പഞ്ചായത്ത് പരിധിയിൽ കൃഷ്ണപുരി മയൂഖത്തിൽ താമസം ചക്കാലക്കൽവീട്ടിൽ വാസുദേവൻ മകൻ

**ഒന്നാംപാർട്ടി :- മനോജ്കുമാർ. സി.വി.**

**രണ്ടാംപാർട്ടി :- സുഭാഷ്. എം.**

No: 53091 VALUE Rs: 100/- C. I. VARGHESE
VENDOR No: 31
THRISSUR
25 JAN 2023

SUB TREASURY
23 JAN 2023
THRISSUR

സർക്കാർ ജോലി 53 വയസ്സ് (ആധാർ നമ്പർ : 7386 9355 1610) (മൊബൈൽ നമ്പർ : 9446142019) **മനോജ്കുമാർ. സി.വി.** ഒന്നാംപാർട്ടിയായും, തൃശൂർ ജില്ല തലപ്പിള്ളി താലൂക്ക് പെരിങ്ങണ്ടൂർ വില്ലേജ് (പി. ഒ. പെരിങ്ങണ്ടൂർ - 680 581) അമ്പലപ്പുറം ദേശത്ത് പാറക്കുളങ്ങര കിഴുവീട്ടിൽ കൊച്ചുകൃഷ്ണപണിക്കർ മകൻ 56 വയസ്സ് (ആധാർ നമ്പർ : 4911 5659 7011) (ഫോൺ നമ്പർ : 9497516757) **സുഭാഷ്. എം.** രണ്ടാംപാർട്ടിയായും എഴുതിവെച്ച ലൈസൻസി കരാർ.

ഒന്നാംപാർട്ടി വകയും ഒന്നാംപാർട്ടിയുടെ പരിപൂർണ്ണ ക്രയവിക്രയ സ്വാതന്ത്ര്യത്തിലിരിക്കുന്നതും തൃശൂർ ജില്ല തൃശൂർ താലൂക്ക് വെളപ്പായ വില്ലേജ് ദേശത്ത് മെഡിക്കൽ കോളേജ് എടക്കുളം റോഡിൽ സ്ഥിതി ചെയ്യുന്നതും A. R. ARCADE എന്ന് നാമധേയമുള്ള കെട്ടിടത്തിൽ ഫസ്റ്റ് ഫ്ളോറിലുള്ളതും അവണൂർ പഞ്ചായത്ത് 3-ാംവാർഡിൽ 210 S എന്ന് നമ്പ്രിട്ടതും ഇലക്ട്രിക് കണക്ഷനുള്ളതും സജ്ജീകരണ സൗകര്യങ്ങളോടു കൂടിയതുമായ മുറി മാത്രം കറന്റ് ചാർജ്ജിനും പുറമെ പ്രതിമാസം **9500 രൂപ (ഒമ്പതിനായിരത്തിഅഞ്ഞൂറ് രൂപ)** വീതം രണ്ടാംപാർട്ടി ഒന്നാംപാർട്ടിക്ക് ലൈസൻസ് ഫീ തരുവാൻ നിശ്ചയിച്ച് സമ്മതിച്ച് 1.2.2023 മുതൽ 11 (പതിനൊന്ന്) മാസക്കാലത്തേക്ക് പാൻകാർഡ്, പാസ്പോർട്ട്, ഇ ആധാർ, ബിൽ പേയ്മെന്റ്, ബസ്സ്/റെയിൽവേ/ഫ്ളൈറ്റ് ടിക്കറ്റ്, ഓൺലൈൻ അപേക്ഷ, വിവിധ സംസ്ഥാന - കേന്ദ്ര സർക്കാർ സേവനങ്ങൾ, പി.എസ്.സി. റജിസ്ട്രേഷൻ, ഇൻഷുറൻസ്, ഇ പേയ്മെന്റ്, ഫോട്ടോസ്റ്റാറ്റ് തുടങ്ങിയ എല്ലാവിധ ഉപഭോക്തൃസേവന കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി രണ്ടാംപാർട്ടി ടി മുറി ഒന്നാംപാർട്ടിയോട് ലൈസൻസി നിലയിൽ ഏറ്റുവാങ്ങിച്ചിരിക്കുന്നു. പ്രസ്തുത ആവശ്യത്തിനല്ലാതെ മറ്റൊരു ആവശ്യത്തിനും മേൽപറഞ്ഞ കടമുറി ഉപയോഗിക്കുകയില്ലെന്നും നിശ്ചയിച്ചിരിക്കുന്നു. ഒന്നാംപാർട്ടിയുടെ രേഖാമൂലമായ സമ്മതം കൂടാതെ ടി മുറി രണ്ടാംപാർട്ടി അന്യ കൈവശം കൊടുക്കുന്നതല്ലെന്നും ഇതിനെതിരായി എന്തെങ്കിലും

**ഒന്നാംപാർട്ടി :- മനോജ്കുമാർ. സി.വി.**

**രണ്ടാംപാർട്ടി :- സുഭാഷ്. എം.**

ചെയ്താൽ ആയത് അസാധുവാണെന്നും നഷ്ടനിവൃത്തികൾക്കും കൂടി ഒന്നാം പാർട്ടിക്ക് അവകാശമുണ്ടെന്നും രണ്ടാംപാർട്ടി ചിലവിട്ട് യാതൊരു ചമയവും ഉണ്ടാക്കുന്നതല്ലെന്നും വെടിക്കെട്ടു സാധനങ്ങളും മദ്യം, മയക്കുമരുന്ന് ഉൾപ്പെടെയുള്ള സകലവിധ ലഹരി പദാർത്ഥങ്ങൾ, പ്ലാസ്റ്റിക് നിരോധനവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ ഉത്തരവുകൾ കോവിഡ് - 19നുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ, ഉത്തരവുകൾ തുടങ്ങി കാലാകാലങ്ങളിൽ സർക്കാർ ഇറക്കുന്ന ഉത്തരവുകൾ പൂർണ്ണമായും പാലിച്ചു കൊള്ളാമെന്നും അങ്ങനെ പാലിക്കാതെ ഉണ്ടാവുന്ന പിഴ, മറ്റ് നിയമ പ്രശ്നങ്ങൾ സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ രണ്ടാംപാർട്ടിക്ക് വരുന്നതായ പ്രശ്നങ്ങൾ തുടങ്ങിയവക്ക് രണ്ടാംപാർട്ടി മാത്രമാണ് ഉത്തരവാദിയെന്നും ഈ കടമുറിയിലെ കച്ചവടവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും ഉണ്ടാകുന്ന പാഴ്വസ്തുക്കൾ, വെയ്സ്റ്റുകൾ പ്രസ്തുത കടമുറിയിലോ ഷോപ്പിംഗ് ക്ലോപ്ലക്സിന്റെ മറ്റു പരിസര പ്രദേശങ്ങളിലോ നിക്ഷേപിക്കാതെ രണ്ടാംപാർട്ടിയുടെ സ്വന്തം ഉത്തരവാദിത്വത്തിൽ ആയത് നീക്കം ചെയ്ത് കൊള്ളാമെന്നും വ്യവസ്ഥ ചെയ്ത് സമ്മതിച്ചിരിക്കുന്നു. രണ്ടാം പാർട്ടിക്ക് ടി കെട്ടിടം ഇരിക്കുന്ന പറമ്പിൽകൂടി ഗതാഗതത്തിനുള്ള അവകാശം മാത്രം രണ്ടാംപാർട്ടിക്കുള്ളതും റെന്റ് കൺട്രോൾ നിയമങ്ങളോ അതുപോലുള്ളതോ മേലിൽ ഉണ്ടാകുന്നതുമായ നിയമങ്ങളോ ഇതിനു ബാധകമല്ലെന്നും ആ വക നിയമങ്ങൾ പ്രകാരമുള്ള മുഴുവൻ ആനുകൂല്യങ്ങളും രണ്ടാംപാർട്ടി സ്വമനസ്സാൽ ഉപേക്ഷിച്ചിരിക്കുന്നതാണെന്നും മറ്റു കട മുറികൾക്ക് തടസ്സമുണ്ടാകുന്ന വിധത്തിലോ കടമുറിയുടെ മുന്നിലെ വരാന്തയിൽ മാർഗ്ഗ തടസ്സം ഉണ്ടാകുന്ന വിധത്തിലോ യാതൊന്നും പ്രവർത്തിക്കുകയില്ലെന്നും രണ്ടാംപാർട്ടി പ്രസ്തുത മുറി കേടുപാടുകൾ വരുത്തിയിരുന്നാൽ ആയത് രണ്ടാംപാർട്ടി ചിലവിന്മേൽ തീർത്ത് തരുന്നതിന് നിശ്ചയിച്ചിരിക്കുന്നു. കടമുറിയുമായി ബന്ധപ്പെട്ട ബോർഡുകൾ, ബാനറുകൾ എന്നിവ അനുവദനീയമായ സ്ഥലങ്ങളിൽ മാത്രമെ സ്ഥാപിക്കുവാൻ പാടുള്ളൂവെന്നും വ്യവസ്ഥ ചെയ്ത് സമ്മതിച്ചിരിക്കുന്നു. ടി മുറി

**ഒന്നാംപാർട്ടി :- മനോജ്കുമാർ. സി.വി.**

**രണ്ടാംപാർട്ടി :- സുഭാഷ്. എം.**

**2023-ാംമാണ്ട് ഡിസംബർ മാസം 31-ാംതിയ്യതിക്ക്** യാതൊരു തർക്കവും അവു ധിയും പറയാതെ ഒഴിഞ്ഞു തരുവാൻ രണ്ടാംപാർട്ടി സമ്മതിച്ചിരിക്കുന്നു. മേൽപ്പ റഞ്ഞപ്രകാരമുള്ള അതാതു മാസത്തെ ലൈസൻസ് ഫീ **9500 രൂപ (ഒമ്പതിനായി രത്തിഅഞ്ഞൂറ് രൂപ)** മുടക്കു കൂടാതെ എല്ലാ ഇംഗ്ലീഷ് മാസം തികയുന്ന തിയ്യതി കളിൽ രണ്ടാംപാർട്ടി ഒന്നാംപാർട്ടിക്കു തന്ന് ബോദ്ധ്യപ്പെടുത്തികൊള്ളാമെന്ന് സമ്മ തിച്ചിരിക്കുന്നു. മേപ്പടി കാലാവുധിക്കു ശേഷം രണ്ടാംപാർട്ടി തുടരുവാൻ ഇട വരുന്നതായാൽ ഒന്നാംപാർട്ടിക്കു സമ്മതമാണെങ്കിൽ കാലാകാലങ്ങളിൽ നിശ്ച യിക്കുന്ന ലൈസൻസ്ഫീ വർദ്ധനവ് അനുസരിച്ച് ഇതിനു കീഴിൽ തുടർന്ന് ഉപ യോഗിപ്പാൻ രണ്ടാംപാർട്ടിക്കു സ്വാതന്ത്ര്യമുണ്ടെന്നും എന്നാൽ ഒന്നാംപാർട്ടി എപ്പോൾ ആവശ്യപ്പെടുന്നുവോ അപ്പോൾ യാതൊരു തർക്കവും കാലാവുധിയും പറയാതെ താക്കോൽ സഹിതം ഒന്നാംപാർട്ടിക്കു ഒഴിഞ്ഞു തന്നുകൊള്ളാമെന്നും സമ്മതിച്ചിരിക്കുന്നു. രണ്ടാംപാർട്ടി ടി മുറി ഉപയോഗിക്കുന്നതിൽ നഷ്ടങ്ങളൊ നടപടികളോ സംഭവിച്ചാൽ ആയത് വസൂൽ ചെയ്യുന്നതിനായി രണ്ടാംപാർട്ടിയിൽ നിന്നും പണമായി **1,00,000 രൂപ (ഒരു ലക്ഷം രൂപ)** പലിശയില്ലാതെ ഒന്നാംപാർട്ടി റൊക്കം വാങ്ങിച്ചിട്ടുള്ളതും കാലാവുധിക്ക് ടി മുറി ഒഴിയുന്ന സമയം ഒന്നാംപാർട്ടിക്ക് നഷ്ടങ്ങളോ നടപടികളോ സംഭവിച്ചിട്ടില്ലെങ്കിൽ പ്രസ്തുത **ഒരു ലക്ഷം രൂപ** ഒന്നാംപാർട്ടി പലിശയില്ലാതെ രണ്ടാംപാർട്ടിക്ക് തിരികെ നൽകേണ്ടതും എന്നാൽ നഷ്ടങ്ങളോ നടപടികളോ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് ടി സംഖ്യയിൽ നിന്നും ഒന്നാംപാർട്ടിക്ക് വസൂൽ ചെയ്തെടുക്കാവുന്നതുമാണ്. കറന്റ് ചാർജ്ജ് രണ്ടാംപാർട്ടി കയ്യിനാൽ അടച്ച് രശീതി വാങ്ങി ഒന്നാംപാർട്ടിയെ ബോദ്ധ്യപ്പെടുത്തി

**ഒന്നാംപാർട്ടി :- മനോജ്കുമാർ. സി.വി.**

**രണ്ടാംപാർട്ടി :- സുഭാഷ്. എം.**

കൊള്ളാമെന്നും സമ്മതിച്ചിരിക്കുന്നു. മേൽപ്രകാരം മുറി രണ്ടാംപാർട്ടി ഒഴിയുന്ന സമയം ഒന്നാംപാർട്ടിക്ക് നഷ്ടങ്ങളോ നടപടികളോ സംഭവിച്ചതിന്റെയും കറന്റ് ചാർജ്ജ്, സർക്കർ നിശ്ചയിച്ച മറ്റ് ഫീസുകൾ കുടിശ്ശികയില്ലെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കി മുറിയിലെ സാമഗ്രികൾ പൂർണ്ണമായും ഒഴിവാക്കി അപേക്ഷ തരുന്ന സമയം ടി അപേക്ഷ തിയ്യതി മുതൽ 3 മൂന്ന് മാസത്തിനകം അഡ്വാൻസ് തുകയിൽ ബാക്കിയുള്ള സംഖ്യ ഒന്നാംപാർട്ടി തിരിച്ച് നൽകി കൊള്ളാമെന്നും വ്യവസ്ഥ ചെയത് സമ്മതിച്ചിരിക്കുന്നു. തൃശൂർ 31-ാംനമ്പ്ര് വേണ്ടർ വക 25.1.2023-ാംതിയ്യതിയിലെ 53090, 53091 എന്നീ നമ്പ്ര് മുദ്രപത്രങ്ങളിലും മറ്റും കൂടി തയ്യാറാക്കിയ അസ്സൽ കരാർ ഒന്നാംപാർട്ടിയും, പകർപ്പ് രണ്ടാംപാർട്ടിയും എടുക്കുന്നതാണ്. ഇപ്രകാരമെല്ലാം നിശ്ചയിച്ചും സമ്മതിച്ചും താഴെ എഴുതുന്ന സ്വാക്ഷികൾ കാണെ നമ്മൾ ഇതിൽ ഒപ്പിട്ടിരിക്കുന്നു.

**ഒന്നാംപാർട്ടി :- മനോജ്കുമാർ. സി.വി.**

**രണ്ടാംപാർട്ടി :- സുഭാഷ്. എം.**

സാക്ഷികൾ:-

1.

2.

**ഒന്നാംപാർട്ടി :- മനോജ്കുമാർ. സി.വി.**

**രണ്ടാംപാർട്ടി :- സുഭാഷ്. എം.**